8286
13/7/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കേരള സാമൂഹ്യസുരക്ഷാ മിഷൻ - സ്നേഹസ്പർശം പദ്ധതിയുടെ തുടർ നടത്തിപ്പിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.398/2015/സാനീവ. തീയതി, തിരുവനന്തപുരം, 23.06.2015

==================================================================================

പരാമർശം : കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടറുടെ 07.04.2015 ലെ പി2/1000/2012/കെ.എസ്.എസ്.എം നമ്പർ കത്ത്.

**ഉത്തരവ്**

ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരായ വനിതകളുടെ പുനരധിവാസത്തിനുവേണ്ടി ആരംഭിച്ച സ്നേഹസ്പർശം പദ്ധതിയുടെ തുടർ നടത്തിപ്പിനായി 2015 - 16 സാമ്പത്തിക വർഷ ബഡ്ജറ്റിൽ 2235-60-200-72(03)(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 2,30,00,000/- രൂപ അനുവദിച്ച് കേരള സാമൂഹ്യ സുരക്ഷ മിഷന്റെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് നമ്പർ 15146 - ൽ നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശ കത്തു പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ചൂഷണത്തിന് വിധേയനായി അവിവാഹിത അവസ്ഥയിൽ അമ്മമാരായ വനിതകളുടെ പുനരധിവാസത്തിനു വേണ്ടി ആരംഭിച്ച പദ്ധതിയായ സ്നേഹസ്പർശത്തിന്റെ തുടർ നടത്തിപ്പിനായി ഭരണാനുമതി നൽകിയും 2015 - 16 സാമ്പത്തിക വർഷ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 2,30,00,000/- രൂപ (രണ്ട് കോടി മുപ്പത് ലക്ഷം രൂപ മാത്രം) 2235-60-200-72(03)(പി) ശീർഷകത്തിൽ നിന്നും പിൻവലിച്ച് കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് നമ്പർ 15146 ൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എ. ഷാജഹാൻ

സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.

സാമൂഹ്യനീതി (എ) വകുപ്പ്.

✓വെബ് & ന്യൂ മീഡിയ വിഭാഗം, ( വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന് വേണ്ടി).

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ